**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1583** **01-02-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭവൻ നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം കവടിയാറിൽ നിർമ്മിക്കുന്ന റവന്യൂ ഭവന്റെ നിർമ്മാണ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് ആന്റ് കൺസ്ട്രക്ഷൻ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരത്ത് കവടിയാറിൽ നിർമ്മിക്കുന്ന റവന്യൂ ഭവന്റെ നിർമ്മാണ പ്രവൃത്തി നോൺ പി.എം.സി മാതൃകയിൽ നടപ്പിലാക്കുന്നതിനായി പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28.04.2021 തീയതിയിലെ സ.ഉ (അച്ചടി) നം.67/202/ധന നമ്പർ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ് (ULCCS)- നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് പഠിക്കാൻ ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 18.01.2024 തീയതിയിലെ സ.ഉ.(സാധാ) നം. 247/2024/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ ഭവൻ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള സർക്കാർ തല ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയിൽ ഊരാളുങ്കൽ പ്രതിനിധിയെ കൺവീനർ ആയി നിയമിച്ചിട്ടുണ്ടോ; | (സി) | നിയമിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഊരാളുങ്കൽ സമർപ്പിച്ച ഡി.പി.ആർ പരിശോധിക്കുന്ന സമിതിയുടെ കൺവീനറായി ഊരാളുങ്കൽ പ്രതിനിധിയെ നിയമിച്ചതിന്റെ കാരണം വിശദമാക്കുമോ? | (ഡി) | പബ്ലിക് വർക്സിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട 28.04.2021 തീയതിയിലെ സ.ഉ (അച്ചടി) നം.67/202/ധന നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3 ൽ അനുശാസിക്കും പ്രകാരമാണ് റവന്യൂ ഭവൻ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള സർക്കാർ തല ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി രൂപീകരിച്ചു കൊണ്ടുള്ള 18.01.2024 തീയതിയിലെ സ.ഉ.(സാധാ) നം. 247/2024/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഊരാളുങ്കലിന്റെ പ്രതിനിധിയെ കൺവീനറായി നിയമിക്കുകയുണ്ടായതും. |

സെക്ഷൻ ഓഫീസർ